(ബി) മറ്റു സംസ്ഥാന ഗവണ്മെൻറിന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർ ഈ ഗവണ്മെൻറിന്റെ കീഴിൽ വരാൻ ആഗ്രഹിക്കുന്നെങ്കിൽ അതിനു് അവരെ സഹായിക്കാൻ ഈ ഗവണ്മെൻറിനു് പദ്ധതിയുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്):

(എ) 1967, 68, 69 എന്നീ കൊല്ലങ്ങളിൽ 66 അപേക്ഷകരം കിട്ടിയിട്ടുണ്ടു്.

(ബി) മദ്രാസു്, മൈസൂർ എന്നീ ഗവണ്മെൻറിൽ ജോലിനോക്കുന്ന മലയാളി ഉദ്യോഗസ്ഥന്മാർ അതേതസ്തികകളിൽ ജോലി നോക്കുന്ന കേരളത്തിലെ ഉദ്യോഗസ്ഥന്മാരുമായി പരസ്പരാടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിനു് അപേക്ഷിക്കുന്നപക്ഷം സ്ഥലംമാറ്റം അനുവദിക്കുന്നതിനു് വ്യവസ്ഥയുണ്ടു്. പരസ്പരാടിസ്ഥാനത്തിലല്ലാതുള്ള മാറ്റങ്ങരം ചട്ടപ്രകാരം അനുവദനീയമല്ല.

പോലീസ് വകുപ്പിൽ ഭരണപരിഷ്ക്കാരം

* 25. [42] ശ്രീ. ഇ. അഹമ്മദു് : താഴെകാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ ഈയ്യിടെ വല്ല ഭരണപരിഷ്ക്കാരവും വരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അവ എന്തെല്ലാമാണു് ;

(സി) ഇതുമൂലം ഭരണച്ചെലവു് ഏതെങ്കിലും രീതിയിൽ വർദ്ധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രതിവർഷം എത്ര സംഖ്യ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്):

(എ) ഇല്ല. എന്നാൽ ഭരണം കാര്യക്ഷമമായി നടത്തുന്നതിനുവേണ്ട നടപടികരം ആവശ്യാനുസരണം എടുത്തുവരുന്നുണ്ടു്.

(ബി, (സി) ആൻറു് (ഡി) ചോദ്യം (എ) യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

എ ഇ. ഒ. ഡി. ഇ. ഓ. ആഫീസുകളുടെ പുനഃസംഘടന

* 26. [46] ശ്രീ. എ. കെ. അപ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ. ഇ. ഓ., ഡി. ഇ. ഒ. ആഫീസുകളുടെ പുനഃസംഘടന എന്നു മുതൽ നടപ്പാക്കാനാണു് ഉദ്ദേശിക്കുന്നതു് ;

(ബി) ഇതോടൊപ്പംതന്നെ ആർ. ഡി. ഡി. ആഫീസുകളും നിറുത്തലാക്കുമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ, സി. എച്ചു് മുഹമ്മദുകോയ) :

(എ) തീരുമാനം എടുത്തു കഴിഞ്ഞിട്ടില്ല.

(ബി) ഡിപ്പാർട്ടുമെൻറിൻറെ പുനഃസംഘടനയെപ്പറ്റി അവസാന തീരുമാനം എടുത്തുകഴിഞ്ഞിട്ടില്ലാത്ത സ്ഥിതിക്കു് ഇക്കാര്യത്തെപ്പറ്റി ഇപ്പോരം ഖണ്ഡിതമായി പറയാൻ നിവൃത്തിയില്ല.

UNSTARRED QUESTIONS AND ANSWERS

ട്രെയിനിംഗ് ലഭിക്കാത്ത അദ്ധ്യാപകർ

1. [1] ശ്രീ. എസു്. മുഹമ്മദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറു് എപ്രൈമറി സ്കൂളുകളിൽ ട്രെയിനിംഗ് ലഭിക്കാത്തവരെ അദ്ധ്യാപകരായി നിയമിക്കുന്ന പതിവു് നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ട്രെയിനിംഗ് ലഭിക്കാത്ത എത്രപേർ ഇപ്പോഴും പ്രൈമറി സ്കൂൾ അദ്ധ്യാപകരായി തുടരുന്നുണ്ട് ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് ട്രെയിനിംഗ് ലഭിക്കുന്നതിനു് എന്തെങ്കിലും നടപടി ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ട്രെയിനിംഗ് ലഭിച്ചതിനുശേഷം പുനർനിയമനം നിഷേധിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ കാരണമെന്തു് ?

ഉത്തരം

(എ) ഗവണ്മെൻറ് പ്രൈമറി സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതു് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേനയാണു്. സാധാരണഗതിയിൽ ട്രെയിനിംഗുള്ളവരെ മാത്രമേ നിയമിക്കാറുള്ളൂ. എന്നിരുന്നാലും, സംവരണതത്വം നിയമനത്തിൽ പാലിക്കപ്പെടുന്നതിനായി അപൂർവ്വം ചില സന്ദർഭങ്ങളിൽ ട്രെയിനിംഗില്ലാത്തവരെ നിയമിക്കുവാൻ സർവ്വീസ് കമ്മീഷൻ ഉപദേശിക്കാറുണ്ടു്.

(ബി) അങ്ങിനെ ട്രെയിനിംഗില്ലാത്ത അദ്ധ്യാപകർ വളരെ വിരളമായതുകൊണ്ടു് അത്തരത്തിൽപ്പെട്ട അദ്ധ്യാപകരുടെ എണ്ണം ഗവണ്മെൻറ് ശേഖരിച്ചിട്ടില്ല.

(സി) ട്രെയിനിംഗില്ലാത്ത അത്തരം അദ്ധ്യാപകരെ തൊട്ടടുത്ത വർഷത്തിൽ ട്രെയിനിംഗിനും അയയ്ക്കുകയാണും പതിവു്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ട്രെയിനിംഗ് ലഭിക്കാത്ത അദ്ധ്യാപകർ

2. [2] ശ്രീ. വി. എസ്. അച്യുതാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറ് പ്രൈമറി സ്കൂളുകളിൽ ട്രെയിനിംഗ് ലഭിക്കാത്തവരെ അദ്ധ്യാപകരായി നിയമിക്കുന്ന പതിവു് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ട്രെയിനിംഗ് ലഭിക്കാത്ത എത്രപേർ ഇപ്പോഴും പ്രൈമറിസ്കൂൾ അദ്ധ്യാപകരായി തുടരുന്നുണ്ട് ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് ട്രെയിനിംഗ് ലഭിക്കുന്നതിനു് എന്തെങ്കിലും നടപടി ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ട്രെയിനിംഗ് ലഭിച്ചതിനുശേഷം പുനർനിയമനം നിഷേധിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ കാരണമെന്തു് ?

ഉത്തരം

(എ) ഗവണ്മെൻറ് പ്രൈമറിസ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതു് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണു്. സാധാരണഗതിയിൽ ട്രെയിനിംഗുള്ളവരെ മാത്രമേ നിയമിക്കാറുള്ളൂ. എന്നിരുന്നാലും, സംവരണതത്വം നിയമനത്തിൽ പാലിക്കപ്പെടുന്നതിനായി അപൂർവ്വം ചില സന്ദർഭങ്ങളിൽ ട്രെയിനിംഗില്ലാത്തവരെ നിയമിക്കാൻ സർവ്വീസ് കമ്മീഷൻ ഉപദേശിക്കാറുണ്ടു്.

(ബി) അങ്ങിനെ ട്രെയിനിംഗില്ലാത്ത അദ്ധ്യാപകർ വളരെ വിരളമായതുകൊണ്ടു് അത്തരത്തിൽപ്പെട്ട അദ്ധ്യാപകരുടെ എണ്ണം ഗവണ്മെൻറ് ശേഖരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly